**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2758** **12-07-2022 - ൽ മറുപടിയ്ക്ക്**

**അന്യാധീനപ്പെട്ട ദേവസ്വം ഭൂമി വീണ്ടെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം വകുപ്പിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കളിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട വസ്തുക്കൾ തിരികെ ലഭ്യമാക്കുന്നതിനുമായി ബോർഡിന്റെ കീഴിൽ റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ ഭൂസംരക്ഷണ വിഭാഗം പ്രവർത്തിച്ചു വരുന്ന Travancore Cochin Hindu Religious Institution (TCHRI) Act 1950, 1957-ലെ കേരള ഭൂസംരക്ഷണ ആക്ട് എന്നിവ പ്രകാരം ഒഴിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂസംരക്ഷണ വിഭാഗം ഏറ്റെടുത്ത് ഏൽപ്പിക്കുന്ന ഭൂമി അതിർത്തി കെട്ടി സംരക്ഷിക്കുന്ന പ്രവർത്തനവും നടന്നു വരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി കണ്ടെത്തുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കുന്നതിനും വീണ്ടെടുക്കുന്നതിനും ഫലപ്രദമായ നടപടികൾ ജില്ലാ ഭരണകൂടം മുഖേന സ്വീകരിച്ചു വരുന്നു. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, പട്ടയവുമായി ബന്ധപ്പെട്ട് വിവിധ ലാന്റ് ട്രിബ്യൂണലുകളിൽ നിലനിൽക്കുന്ന കേസുകളിൽ, ക്ഷേത്രത്തിന്റെ ഉത്തമ താൽപ്പര്യം സംരക്ഷിക്കും വിധം നിയമ നടപടികൾ സ്വീകരിക്കുന്നതിന്, അഡ്വക്കേറ്റുമാരുടെ പാനൽ രൂപീകരിച്ചിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാറുടെ നേതൃത്വത്തിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത യൂണിറ്റിന്റെ നേതൃത്വത്തിൽ അന്യാധീനപ്പെട്ട |

| | | | |
|---|---|---|---|
| | | | **ഭൂമികൾ വീണ്ടെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**ഗുരുവായൂർ ദേവസ്വത്തിന്റെ അധീനതയിലുള്ള ചാവക്കാട് മണത്തല വില്ലേജിലെ ദ്വാരക ബീച്ചിനടുത്തുള്ള ദേവസ്വം ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**കൂടൽമാണിക്യം ദേവസ്വത്തിന്റെയും കീഴേടങ്ങളിലേയും അന്യാധീനപ്പെട്ട ഭൂമികൾ വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | സംസ്ഥാനത്തെ വിവിധ ക്ഷേത്രങ്ങളിലെ നിലവിലുള്ള ഭൂമി എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | **തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുക്കൾ പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന് 1250 ക്ഷേത്രങ്ങളിലായി 2700 ഏക്കറോളം ഭൂമിയാണുള്ളത്. നിലവിൽ ദേവസ്വം ബോർഡിന്റെ കൈവശമുള്ള വസ്തുക്കളുടെ രേഖകളിൽ പലതും സർക്കാർ പുറമ്പോക്ക് എന്നോ ദേവസ്വം പുറമ്പോക്ക് എന്നോ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ ഇവയെല്ലാം ദേവസ്വം ഭൂമിയാണ്. ദേവസ്വം ഭൂമികളുടെ ശരിയായ കണക്കുകളുടേയും അവയുടെ അടിസ്ഥാന രേഖകളുടേയും അഭാവം വസ്തുവകകൾ അളന്ന് തിട്ടപ്പെടുത്തുന്നതിനെ സാരമായി ബാധിച്ചിട്ടുണ്ട്.**<br><br>**മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച സർവ്വെ അവസാനമായി നടന്നിട്ടുള്ളത് 2007 -ലാണ്. സർക്കാർ നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ടി കാലയളവിൽ നടത്തിയ സർവ്വെ പ്രകാരം, 1123 ക്ഷേത്രങ്ങളുടെ കൈവശത്തിൽ 3112.205 ഏക്കർ ഭൂമി ഉള്ളതായും 24,693.24 ഏക്കർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്.**<br><br>**കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ദേവസ്വം തനത് രജിസ്റ്റർ പ്രകാരം 1313.64 ഏക്കർ ഭൂമിയും ഗുരുവായൂർ ദേവസ്വത്തിന് നിലവിൽ 109.4538 ഹെക്ടർ ഭൂമിയുമാണുള്ളത്.**<br><br>**കൂടൽ മാണിക്യം ദേവസ്വത്തിന്റെയും കീഴേടങ്ങലിലേയും ഭൂമികൾ അളന്ന്** |

| | | | |
|---|---|---|---|
| | | | **തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ